## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:3373** — **29.1.2014- ൽ മറുപടിക്ക്**

### അഗ്രികൾച്ചർ അസിസ്റ്റന്റ് ഒഴിവുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീമതി.പി.അയിഷാ പോറ്റി | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് രണ്ടാം ഗ്രേഡ് അഗ്രികൾച്ചർ അസിസ്റ്റന്റിന്റെ എത്ര ഒഴിവുകൾ ഇപ്പോൾ നിലവിലുണ്ട്; | എ) | സംസ്ഥാനത്ത് രണ്ടാം ഗ്രേഡ് അഗ്രികൾച്ചർ അസിസ്റ്റന്റുമാരുടെ 129 ഒഴിവുകൾ ഇപ്പോൾ നിലവിലുണ്ട്. |
| ബി) | പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലാത്തപക്ഷം ആയതിന് വേണ്ട നടപടികൾ സ്വീകരിക്കുമോ; | ബി) | കൃഷി അസിസ്റ്റന്റിന്റെ നിലവിലുള്ള 129 ഒഴിവുകളിൽ 29 ഒഴിവുകൾ [26+3 എൻ.ജെ.ഡി] ഇതിനകം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തു കഴിഞ്ഞു. ശേഷിക്കുന്ന ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| സി) | പ്രസ്തുത തസ്തികയിലെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുണ്ടോയെന്നും പ്രസ്തുത റാങ്ക് ലിസ്റ്റ് നിലവിൽ വന്ന തീയതിയും എത്ര പേർക്ക് നിയമനം നൽകിയെന്നും അറിയുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | സി) | ടി തസ്തികയുടെ റാങ്ക് ലിസ്റ്റ് 18.5.2012-ൽ നിലവിൽ വന്നു. 23.10.2013 തീയതിയിലെ കണക്ക് പ്രകാരം 1224 ഉദ്യോഗാർത്ഥികൾക്ക് നിയമന ശുപാർശ നൽകിയിട്ടുള്ളതായി കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും അറിവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

| | |
|---|---|
| സി) പ്രസ്തുത തസ്തികകളുടെ സീനിയോറിറ്റി ലിസ്റ്റ് ലഭ്യമാണോ; എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ; | സി) കൃഷി അസിസ്റ്റന്റ് തസ്തികയിൽ സീനിയോറിറ്റി ലിസ്റ്റ് ലഭ്യമാണ്. പ്രസ്തുത ലിസ്റ്റ് കൃഷി വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ keralaagriculture.gov.in-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| ഡി) പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ഇപ്പോൾ വകുപ്പിൽ നിലവിലില്ലാത്തവർ ആരെങ്കിലും ഉൾപ്പെട്ടിട്ടുണ്ടോ; | ഡി) ഇല്ല. |
| ഇ) എങ്കിൽ പ്രസ്തുത ആളുകളെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | ഇ) ബാധകമല്ല. |

സെക്ഷൻ ഓഫീസർ